പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 39 — 11/06/2013 ൽ മറുപടിക്ക്

# ഓൺലൈൻ പേമെന്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, കെ. അച്ചുതൻ<br>,, വി.റ്റി. ബൽറാം<br>,, എ.റ്റി. ജോർജ്ജ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വൈദ്യുതിചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം 06/07/2011 മുതൽ നിലവിലുണ്ട്. എച്ച്. റ്റി/ ഇ.എച്ച്. റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം തുടക്കത്തിൽ ലഭ്യമാക്കിയത്. വൈദ്യുതി ബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 23/04/2013 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; | (ബി) കെ.എസ്.ഇ.ബിയുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും, വിസാ / മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ് / ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺ ലൈനായി വൈദ്യുതിചാർജ്ജ് അടയ്ക്കുന്ന തിനുള്ള സൗകര്യമാണ് ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയം തന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പരിലും, ഇ-മെയിൽ വിലാസത്തിലും ലഭിക്കുന്നതി |

(....2)

| | |
|---|---|
| | നുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) കെ.എസ്. ഇ.ബി.ക്ക് വേണ്ടി ഐ.ഡി. ബി.ഐ ബാങ്കാണ് വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുവേണ്ടി പേയ്മെന്റ് ഗേറ്റ് വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ നെറ്റ് ബാങ്കിംഗിൽ കൂടെയും വിസാ- മാസ്റ്റർ കാർഡ് എന്നിവ നൽകുന്ന സ്ഥാപനങ്ങൾ, ക്രെഡിറ്റ്-ഡെബിറ്റ് കാർഡുകൾ വഴിയുംവൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനത്തിൽ സഹകരിക്കുന്നു. |
| (ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കളുടേയും കെ.എസ്.ഇ.ബി ജീവനക്കാരുടേയും സംശയനിവാരണത്തിനായി കെ.എസ്. ഇ.ബിയുടെ ഐ.ടി. വിഭാഗത്തിൽ ഒരു ഹെൽപ്ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടെലഫോൺ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും (66) കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി |

(......3)

ബോർഡ് ചെയർമാൻ നേരിട്ട് തന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ടു തവണ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ